MONDAY

30/06/2025

തിങ്കളാഴ്ച്ച

# FIB FARM NEWS

## എഫ്. ഐ. ബി. കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

Chief Editor : SINDHU. KS

Editor : Dr. Binu Harriet Ivan



Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 30/06/2025

1. നബാർഡ് RIDF -TRANCHE-27 പദ്ധതിയിൽ ഉൾപ്പെടുത്തി കാസർകോട് ജില്ലയിൽ മഞ്ചേശ്വരം നിയോജക മണ്ഡലത്തിലെ മഞ്ചേശ്വരം ബ്ലോക്കിൽപെട്ട പുത്തിഗെ കൃഷിഭവനായി പണിത സ്മാർട്ട് കൃഷിഭവൻ കെട്ടിടത്തിന്റെ ഉദ്ഘാടനം 11.07.2025 വെള്ളിയാഴ്ച കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് മന്ത്രി പി.പ്രസാദ് നിർവ്വഹിക്കുന്നതാണ്.

2. നാളികേര വികസന ബോർഡിന്റെ നേര്യമംഗലം വിത്തുൽപാദന പ്രദർശന തോട്ടത്തിൽ കുറ്റ്യാടി തെങ്ങിൻ തൈകൾ 100 രൂപ നിരക്കിലും, കുറിയ ഇനങ്ങൾ 110 രൂപ നിരക്കിലും, സങ്കര ഇനം തെങ്ങിൻ തൈകൾ 250 രൂപ നിരക്കിലും വിൽപ്പനയ്ക്ക് തയ്യാറായിട്ടുണ്ട്. ആവശ്യക്കാർക്ക് നേര്യമംഗലം ഫാമിൽ നിന്നും തൈകൾ വാങ്ങാം. കുറഞ്ഞത് പത്ത് തൈകൾ വാങ്ങുന്ന കർഷകർക്ക് നാളികേര വികസന ബോർഡ് നടപ്പിലാക്കുന്ന തെങ്ങ് പുതുകൃഷി പദ്ധതിയിൻ കീഴിൽ സബ്സിഡി ലഭിക്കും. കൂടുതൽ വിവരങ്ങൾക്ക് പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 8 മുതൽ വൈകീട്ട് 5 മണി വരെ 0485 2554240, 9656858850 എന്നീ നമ്പറുകളിൽ ബന്ധപ്പെടാം.

3. കേരള കാർഷിക സർവകലാശാലയുടെ വിവിധ കാമ്പസുകളിൽ 2025-2026 അധ്യയന വർഷത്തിലെ ബി എസ് സി (ഹോണേഴ്സ്) അഗ്രിക്കൾച്ചർ,ബി എസ് സി (ഹോണേഴ്സ്) ഹോർട്ടിക്കൾച്ചർ , അഗ്രിക്കൾച്ചർ ബി.ടെക് എഞ്ചിനിയറിംഗ് എന്നീ പ്രോഗ്രാമുകളിലേക്ക് (ആർ എഫ് മോഡ്

അപേക്ഷിക്കാനുള്ള അവസാന തിയതി നീട്ടിയിട്ടുണ്ട്. KEAM Medical Rank (2025)/ CUET – ICAR (2025) Rank list എന്നിവ പ്രസിദ്ധീകരിക്കുന്ന മുറക്ക് അപേക്ഷിക്കുവാനുള്ള അവസാന തിയതി അറിയിക്കുന്നതാണ്. വിശദ വിവരങ്ങൾക്കും അപേക്ഷ സമ്മർപ്പിക്കുന്നതിനും www.admission.kau.in എന്ന സർവകലാശാല വെബ്പോർട്ടൽ സന്ദർശിക്കുക. അന്വേഷണങ്ങൾക്ക് 04872-438139 എന്ന നമ്പറിൽ ഓഫീസ് സമയത്ത് രാവിലെ 10 മുതൽ വൈകീട്ട് 5 വരെ ബന്ധപ്പെടുക.

4. ഫ്രാൻസിലെ അഗ്രിക്കൾച്ചറൽ റിസർച്ച് സെൻറർ ഫോർ ഇന്റർനാഷണൽ ഡെവലപ്മെന്റിൽ (C I R A D ) പോസ്റ്റ് ഡോക്ടറൽ ഫെല്ലോഷിപ്പിന് അപേക്ഷ ക്ഷണിച്ചു "മൾട്ടി-ഒമിക്സ് അപ്രോച്ച് റ്റു ഡെസിഫർ ദി ഇമ്മ്യൂൺ റെസ്പോൺസസ് കൺട്രോളിങ് കൊറിനിസ്പോറ ലീഫ് ഫാൾ ഡിസീസ് ഓഫ് റബ്ബർ ട്രീ (Multi-omics approach to decipher the immune responses controlling Corynespora leaf fall disease of rubber tree) എന്ന ഗവേഷണപദ്ധതിയിൽ 2025 സെപ്റ്റംബർ ഒന്നു മുതൽ 12 മാസത്തേക്ക് ആയിരിക്കും നിയമനം. ഇന്ത്യൻ റബ്ബർ ഗവേഷണകേന്ദ്രത്തിലെ ഡോ. ബിന്ദു റോയ്, CIRAD (ഫ്രാൻസ്) -ലെ ഡോ. വലേരി പുജേഡ എന്നിവരാണ് ഗവേഷണത്തിന് നേതൃത്വം നൽകുന്നത്. അപേക്ഷകർ പിഎച്ച് ഡി ഡിഗ്രി ഉള്ളവരോ ഉടൻ പിഎച്ച് ഡി. ഡിഗ്രി ലഭിക്കാൻ സാധ്യതയുള്ളവരോ ആയിരിക്കണം. ഫ്രഞ്ച് പൗരത്വം ഒഴികെ മറ്റെല്ലാ പൗരത്വമുള്ളവർക്കും

അപേക്ഷിക്കാവുന്നതാണ്. ഫ്രഞ്ച് ഭാഷയിൽ പ്രാവീണ്യം നിർബന്ധമില്ല. 2025 ജൂലൈ 15-ന് മുമ്പായി അപേക്ഷ സമർപ്പിക്കണം. കൂടുതൽ വിവരങ്ങൾക്ക് റബ്ബർ ബോർഡിന്റെ വെബ്സൈറ്റ് (www.rubberboard.gov.in) സന്ദർശിക്കുകയോ 9446375352 എന്ന ഫോൺനമ്പരിൽ ബന്ധപ്പെടുകയോ ചെയ്യാവുന്നതാണ്.

## പരിശീലന പരിപാടി

5. കേരള വെറ്ററിനറി ആന്റ് അനിമൽ സയൻസസ് യൂണിവേഴ്സിറ്റിയുടെ തിരുവനന്തപുരം കൈമനം ബി.എസ്.എൻ.എൽ. – ആർ.ടി.ടി.സി. ക്യാമ്പസിലുള്ള കോളേജ് ഓഫ് ഡെയറി സയൻസ് ആന്റ് ടെക്നോളജിയിൽ സംരംഭകർക്കും, ക്ഷീര മേഖലയിൽ പ്രവർത്തിക്കുന്നവർക്കും മറ്റുള്ളവർക്കുമായി പാലുല്പന്നങ്ങൾ, പ്രോബയോട്ടിക് ഉൽപ്പന്നങ്ങൾ, ബേക്കറി ഉൽപ്പന്നങ്ങൾ എന്നിവയുടെ നിർമ്മാണ പരിശീലന പരിപാടി 2025 ജൂലൈ 9 മുതൽ 11 വരെ നടത്തുന്നുണ്ട്. താൽപര്യമുള്ളവർ 6238754712, 9497849625 എന്നീ നമ്പരുകളിൽ വിശദ വിവരങ്ങൾക്കായി ബന്ധപ്പെടുക.

6. കേന്ദ്ര തൊഴിൽ ഉദ്യോഗ മന്ത്രാലയത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന ദേശീയ തൊഴിൽ സേവന കേന്ദ്രം പട്ടികജാതി പട്ടികവർഗക്കാരായ ഉദ്യോഗാർഥികളുടെ തൊഴിൽ സാധ്യത വർദ്ധിപ്പിക്കുന്നതിനു വേണ്ടി സൗജന്യ പരിശീലന പരിപാടി (Special Coaching Scheme) 2025 ജൂലായ് 1ന് തിരുവനന്തപുരത്ത് ആരംഭിക്കുന്നു. ടൈപ്പ്റൈറ്റിംഗ്, ഷോർട്ട്ഹാൻഡ്, കമ്പ്യൂട്ടർ,

ഇംഗ്ലീഷ്, അരിത്തമാറ്റിക്, ജനറൽനോളഡ്ജ് വിഷയങ്ങളിലാണ് പരിശീലനം. പ്ലസ് ടു വാണ് അടിസ്ഥാന യോഗ്യത. പ്രായ പരിധി 27 വയസ്സ്. വാർഷിക വരുമാനം 3 ലക്ഷം കവിയാൻ പാടില്ല. കോഴ്സിന്റെ കാലാവധി ഒരു വർഷം. പ്രതിമാസം 1,000 രൂപ സ്റ്റൈപന്റും മറ്റ് പഠനസാമഗ്രികകളും സൗജന്യമായി നൽകും. കോഴ്സിൽ ചേരാൻ താൽപ്പര്യമുള്ളവർ പൂരിപ്പിച്ച അപേക്ഷാഫോറവും അനുബന്ധ രേഖകളുടെ പകർപ്പുകളും സഹിതം "The Sub- Regional Employment Officer I/C, National Career Service Centre for SC/ST, Behind Govt. Music College, Thycaud, Trivandrum-14* എന്ന വിലാസത്തിലോ placementsncstvm@gmail.com ഇ-മെയിലിലോ നേരിട്ട് ഓഫീസിൽ എത്തിയോ അപേക്ഷ സമർപ്പിക്കണം. അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി ഇന്നു വൈകുന്നേരം (27/06/2025) 5.00 മണി. അപേക്ഷാ ഫോറത്തിനും മറ്റ് വിശദവിവരങ്ങൾക്കും "National Career Service Centre for SC/STs, Trivandrum ഫേസ് ബുക്ക് പേജ് സന്ദർശിക്കുക ഫോൺ: 0471 2332113.

**<u>കാർഷിക നിർദേശം</u>**

7. കുരുമുളകിൽ ദ്രുതവാട്ട രോഗം കാണാനിടയുണ്ട്. രണ്ട് കിലോ ട്രൈക്കോഡെർമ, 90 കിലോ ചാണകപ്പൊടിയും, 10 കിലോ വേപ്പിൻ പിണ്ണാക്കുമായി കൂട്ടി കലർത്തി ആവശ്യത്തിന് ഈർപ്പം നിലനിൽക്കത്തക്കവണ്ണം രണ്ടാഴ്ച്ചത്തേയ്ക്ക് വയ്ക്കുക. മിശ്രിതത്തിൽ നിന്ന് 2.5

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

കിലോ വീതം ഓരോ കുരുമുളക് ചെടിക്ക് ചുവട്ടിലും ഇട്ടു കൊടുക്കുന്നത് രോഗത്തിന് മുൻകരുതലായി ചെയ്യാവുന്നതാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം